പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 7093

16.07.2012-ലെ
മറുപടിക്ക്.

**അദ്ധ്യാപക പാക്കേജിൽ ഉൾപ്പെടുത്തി നിയമനം നൽകുന്നതിന് പരിശീലനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റ്റി. എൻ. പ്രതാപൻ | | ശ്രീ. പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന പൊതു വിദ്യാഭ്യാസ വകുപ്പിൽ നടപ്പിലാക്കിയ അദ്ധ്യാപക പാക്കേജിൽ ഉൾപ്പെടുത്തി നിയമനം നൽകുന്നതിന് എത്ര അദ്ധ്യാപകർക്ക് ജില്ലാതല പരിശീലനം നൽകിയിട്ടുണ്ട്; അതിൽ എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് നടപ്പിലാക്കുന്ന അദ്ധ്യാപക പാക്കേജിന്റെ ഭാഗമായി ആദ്യഘട്ടമായി റീട്രഞ്ച്ഡ് ചെയ്യപ്പെട്ട 1159 അദ്ധ്യാപകർ, 127 സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർ എന്നിവർക്കാണ് ട്രയിനിംഗ് നൽകുന്നത്. ഈ അദ്ധ്യാപകർ ട്രയിനിംഗ് കഴിയുന്ന മുറയ്ക്ക് നിയമനം നൽകുന്നതിനുള്ള സത്വര നടപടികൾ കൈക്കൊണ്ടുവരുന്നു. ഈ പ്രക്രിയ പൂർത്തിയാക്കിയിട്ടില്ല. |
| (ബി) | ആദ്യഘട്ട പരിശീലനത്തിൽ പങ്കെടുക്കാൻ കഴിയാത്ത അദ്ധ്യാപകർക്ക് പരിശീലനം നൽകി നിയമനം നൽകാൻ നടപടികൾ സ്വീകരിയ്ക്കുമോ; ഇതിനായി പൊതുവിദ്യാഭ്യാസ വകുപ്പ് തലത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ബി) | ആദ്യഘട്ടത്തിൽ പരിശീലനത്തിൽ പങ്കെടുക്കാൻ കഴിയാത്തവർക്ക് ട്രയിനിംഗ് നൽകി നിയമനം നടത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ